**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- ഭവന വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായുള്ള ജില്ലാതല അദാലത്ത്- കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ(എ) വകുപ്പ്**

സ.ഉ.(കൈ) നം.3/2025/HSG തീയതി,തിരുവനന്തപുരം, 13-05-2025

---

പരാമർശം:-

1. 19.07.2018 ലെ സ.ഉ.(കൈ) നം. 6/2018/ഭവനം
2. 22.09.2023 ലെ സ.ഉ.(കൈ) നം. 6/2023/ഭവനം
3. 16.11.2024 ലെ സ.ഉ.(കൈ) നം. 15/2024/ഭവനം
4. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 26.04.2025 ലെ KSHB-HO/749/2022-JRSUPDT(LandR) നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ഭവന വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി ജില്ലാതലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് മാനദണ്ഡങ്ങളോടും വ്യവസ്ഥകളോടും കൂടി അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 3(2) ൽ ഭേദഗതി വരുത്തി കൂടുതൽ ഇളവുകൾ നൽകി അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ അദാലത്ത് പ്രകാരമുള്ള വായ്പാതുക ഒടുക്കുന്നതിനുള്ള സമയപരിധി 31.05.2024 വരെ ദീർഘിപ്പിച്ച് നൽകുകയും , ഭാവിയിൽ വായ്പാ കുടിശിക അടയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കൽ നടപടി സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രം ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു. തുടർന്ന് ബോർഡ് സെക്രട്ടറി ആവശ്യപ്പെട്ടതിൻ പ്രകാരം സർക്കാർ യാതൊരു വിധത്തിലുള്ള സാമ്പത്തിക ബാധ്യതയും ഏറ്റെടുക്കുകയില്ല എന്ന വ്യവസ്ഥയിൽ പ്രസ്തുത അദാലത്ത് നടപ്പാക്കുന്നതിനുള്ള

കാലാവധി പരാമർശം (3) പ്രകാരം 01.06.2024 മുതൽ 10 മാസം കൂടി ദീർഘിപ്പിച്ചും നൽകിയിരുന്നു.

2. പരാമർശം (3) ഉത്തരവ് പ്രകാരം 970 ഫയലുകൾ അദാലത്തിൽ ഉൾപ്പെടുത്തിയെന്നും 4.50 കോടി രൂപ അദാലത്ത് കാലാവധിയ്ക്കുള്ളിൽ തിരിച്ചടയ്ക്കാമെന്ന് കുടിശ്ശികക്കാർ സമ്മതപത്രം നൽകിയെന്നും ആയത് പ്രകാരം 2.25 കോടി രൂപ പിരിച്ചെടുത്തുവെന്നും കുടിശ്ശിക തീർപ്പാക്കുന്നതിന് അദാലത്ത് കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് നിരവധി വായ്പാക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ അദാലത്ത് കാലാവധി 01.04.2025 മുതൽ 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം ബോർഡ് സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്ന ഭവന വായ്പാ കുടിശ്ശിക അദാലത്തിന്റെ കാലാവധി സർക്കാർ യാതൊരു വിധത്തിലുള്ള സാമ്പത്തിക ബാധ്യതയും ഏറ്റെടുക്കുകയില്ല എന്ന വ്യവസ്ഥയിൽ 01.04.2025 മുതൽ 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനിർമ്മാണ ബോർഡ്, തിരുവനന്തപുരം

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, കേരള സംസ്ഥാന ഭവനിർമ്മാണ ബോർഡ്, തിരുവനന്തപുരം

ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

റവന്യൂ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 13-05-2025 11:20:43

സെക്ഷൻ ഓഫീസർ